15.09.2020

പ്രസിദ്ധീകരണാർത്ഥം

(എല്ലാ എഡിഷനിലും)

## സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് 2020 - അപേക്ഷകൾ ക്ഷണിക്കുന്നു

എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള സർക്കാർ ഏർപ്പെടുത്തിയ ഊർജ്ജസംരക്ഷണ അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു. 2019-20 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളാണ് പ്രധാനമായും അവാർഡിനായി പരിഗണിക്കുന്നത്. താഴെപ്പറയുന്ന എട്ട് വിഭാഗങ്ങളിലായാണ് അപേക്ഷകൾ ക്ഷണിക്കുന്നത്.

- **വൻകിട ഊർജ്ജ ഉപഭോക്താക്കൾ** - വൻകിട വ്യവസായങ്ങൾ ഉൾപ്പെടെ വർഷത്തിൽ 1000 ടൺ എണ്ണക്ക് മുകളിലോ, തത്തുല്ല്യമായ വൈദ്യുതിയോ മറ്റ് ഇന്ധനങ്ങളോ ഉപയോഗിക്കുന്ന ഉപഭോക്താക്കളും 2001 -ലെ ഊർജ്ജ സംരക്ഷണ നിയമ പ്രകാരം പ്രഖ്യാപിച്ച ഡെസിഗ്നേറ്റഡ് കൺസ്യൂമേഴ്സും.
- **ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ** - വൻകിട - ഇടത്തരം വ്യവസായങ്ങൾ ഉൾപ്പെടെ വർഷത്തിൽ 150 മുതൽ 1000 ടൺ എണ്ണക്ക് തുല്യമായ വൈദ്യുതിയോ മറ്റ് ഇന്ധനങ്ങളോ ഉപയോഗിക്കുന്ന ഉപഭോക്താക്കളും 2001-ലെ ഊർജ്ജ സംരക്ഷണ നിയമ പ്രകാരം പ്രഖ്യാപിക്കപ്പെട്ട ഡെസിഗ്നേറ്റഡ് കൺസ്യൂമേഴ്സ് ഒഴികെയുള്ള വൈദ്യുതി വിതരണ കമ്പനികളും.
- **ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ** - ചെറുകിട വ്യവസായങ്ങൾ ഉൾപ്പെടെ വർഷത്തിൽ 150 ടൺ എണ്ണക്ക് താഴെയോ, തത്തുല്ല്യമായ വൈദ്യുതിയോ മറ്റ് ഇന്ധനങ്ങളോ ഉപയോഗിക്കുന്നവർ.
- **കെട്ടിടങ്ങൾ** - 2001-ലെ ഊർജ്ജ സംരക്ഷണ നിയമ പ്രകാരം പ്രഖ്യാപിക്കപ്പെട്ട ഡെസിഗ്നേറ്റഡ് കൺസ്യൂമേഴ്സ് ഒഴികെയുള്ള ഊർജ്ജസംരക്ഷണ പദ്ധതികൾ/പരിപാടികൾ/ഇ-മൊബിലിറ്റി നടപ്പിലാക്കിയ പൊതു/വാണിജ്യ കെട്ടിടങ്ങൾ, ഹോട്ടലുകൾ, ആശുപത്രികൾ എന്നിവ.
- **വ്യക്തികൾ** - ഊർജ്ജസംരക്ഷണ പ്രോത്സാഹകർ, ഊർജ്ജസംരക്ഷണ മേഖലയിൽ ഇ-മൊബിലിറ്റി പോലെയുള്ള നൂതന ആശയങ്ങൾ പ്രചരിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്ന വ്യക്തികൾ, ബി.ഇ.ഇ സെർട്ടിഫൈഡ് ഊർജ്ജ ഓഡിറ്റർമാർ/മാനേജർമാർ തുടങ്ങിയവർ ഇതിൽപെടുന്നു.
- **സംഘടനകളും സ്ഥാപനങ്ങളും** - തദ്ദേശ സ്ഥാപനങ്ങൾ, ഊർജ്ജ ഓഡിറ്റിംഗ് സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ, ഗവേഷണവും ഇ-മൊബിലിറ്റി

പോലെയുള്ള നൂതനാശയങ്ങളും പ്രചരിപ്പിക്കുന്ന സംഘടനകൾ, ബി.ഇ.ഇ സ്റ്റാർ ലേബലുകളുള്ള ഉപകരണങ്ങളുടെ നിർമ്മാതാക്കൾ,

- **റീട്ടെയിലേഴ്സ് / വ്യാപാരശാലകൾ** - കേന്ദ്രസർക്കാർ വിജ്ഞാപന പ്രകാരം ബി.ഇ.ഇ സ്റ്റാർ ലേബൽഡ് ഉപകരണങ്ങൾ വിൽക്കുകയും വിതരണം ചെയ്യുന്നതുമായ റീട്ടെയിലേഴ്സ് / വ്യാപാരശാലകൾ.
- **ആർക്കിടെക്ട്സ് / ഗ്രീൻ ബിൽഡിംഗ് കൺസൾട്ടന്റുമാർ** - വിവിധ റേറ്റിംഗുകളുള്ള കെട്ടിടങ്ങൾ ഡിസൈൻ ചെയ്യുന്ന/നിർമ്മിക്കുന്ന സ്ഥാപനങ്ങൾ/കൺസൾട്ടന്റുമാർ എന്നിവർ ഈ വിഭാഗത്തിൽപ്പെടുന്നു.

അവാർഡുകൾ ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ 2020 ഡിസംബർ 14-ന് നൽകുന്നതായിരിക്കും.. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോറത്തിനുമായും www.keralaenergy.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. പൂരിപ്പിച്ച അപേക്ഷകൾ 2020 october 15-നകം ഓൺലൈനായോ ഇ-മെയിൽ വഴിയോ സമർപ്പിക്കേണ്ടതാണ് (ecawardsemc@gmail.com, ecaward@keralaenergy.gov.in )

ഡയറക്ടർ (ഇൻ ചാർജ്ജ്)